# പള്ളിയിൽ പ്രവേശിക്കുമ്പോൾ

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

## اللهم افْتح لى أبواب رحمتك

“അല്ലാഹുവേ നീ നിന്റെ കാരുണ്യ കവാടങ്ങൾ എനിക്ക് തുറക്കേണമേ.”

പള്ളിയിൽ പ്രവേശിക്കുമ്പോൾ ഇപ്രകാരം ചൊല്ലുവാൻ നബിﷺ കൽപ്പിച്ചതായി ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്.

## أعوذُ بِالله الْعظيمِ وبِوجهه الْكَرِيمِ وسلْطَانِه الْقَديمِ من الشيطَان الرجِيمِ

“മഹാനായ അല്ലാഹുവിൽ, അവന്റെ ആദരവുറ്റ തിരുമുഖത്താൽ, അവന്റെ അനാദിയായ അധികാരത്താൽ അകറ്റപ്പെട്ട പിശാചിൽനിന്നും ഞാൻ അഭയം തേടുന്നു.”

പള്ളിയിലേക്ക് പ്രവേശിക്കുമ്പോൾ ഇപ്രകാരം ചൊല്ലുന്നവൻ ശിഷ്ടദിനം പിശാചിൽനിന്ന് സംരക്ഷിക്കപ്പെടുമെന്ന് പിശാചുതന്നെ പറയുന്നതാണെന്ന് ഇമാം അബൂദാവൂദ് റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചു.

## بِسم اللِه والصلاَةُ والسلاَم علَى رسولِ الله، اللهم اغْفر لي ذُنوبِي

“അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ പള്ളിയിൽ പ്രവേശിക്കുന്നു) സ്വലാത്തും സലാമും അല്ലാഹുവിന്റെ തിരുദൂതരിൽ ഉണ്ടാവട്ടേ. അല്ലാഹുവേ, നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ നീ എനിക്ക് തുറക്കേണമേ.”

നബിﷺ, പള്ളിയിലേക്ക് പ്രവേശിക്കുമ്പോൾ ഇപ്രകാരം ചൊല്ലിയതായി ഇമാം ഇബ്നുമാജഃ, ഇബ്നുസ്സുന്നി എന്നിവർ റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്.